(ബി) മത്സ്യങ്ങൾക്കുള്ള തീറ്റ മിതമായ വിലയ്ക്ക് വിൽക്കുവാൻ ഫിഷറീസ് വകുപ്പിന് എന്തെങ്കിലും പരിപാടികളുണ്ടോ ;

(സി) മത്സ്യ കർഷകർക്ക് ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും അപ്പോഴപ്പോൾ നൽകുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളായ മലമ്പുഴ, പോളച്ചിറ, നെയ്യാർ ഡാം, പതിവേലിച്ചിറ എന്നിവിടങ്ങളിൽ നിന്ന് വിതരണത്തിന് ലഭ്യമാണ്. കൂടാതെ ഏതാനും സ്വകാര്യ ഹാച്ചറികളും വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം നടത്തി വരുന്നു.

(ബി) നിലവിൽ പദ്ധതികളില്ല.

(സി) 14 ജില്ലകളിൽ പ്രവർത്തിക്കുന്ന മത്സ്യ കർഷക വികസന ഏജൻസികളിൽ നിന്നും 6 ജില്ലകളിൽ പ്രവർത്തിക്കുന്ന ഓരു ജല-മത്സ്യ കർഷക വികസന ഏജൻസികളിൽ നിന്നും അഡാക്കിന്റെ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

ഫിഷറീസ് ഹാർബറുകളെ അന്തർ സംസ്ഥാന നിലവാരമുള്ളവയാക്കി തീർക്കുവാൻ നടപടി

123 (2402) ശ്രീ. ഡി. സുഗതൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഫിഷിംഗ് ഹാർബറുകളെ അന്തർ സംസ്ഥാന നിലവാരമുള്ളവയാക്കി തീർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാപ്പിളബേ, ചേമ്പാൽ, പുതിയാപ്പ, മുനമ്പം, നീണ്ടകര.

LIBRARY ARCHIVES Kerala Legislative Assembly